ആർ.സി.എസ്/7457/2018/MT-1 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി,18.09.2019

## സർക്കുലർ നമ്പർ.37/2019

വിഷയം:- സഹകരണ വകുപ്പ്- കൊയിലാണ്ടി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & മെഡിക്കൽ അക്കാദമി ക്ലിപ്തം നമ്പർ ഡി.2706-ന്റെ 'ബി' ക്ലാസ്സ് ഓഹരി എടുക്കുന്നതിന് അനുവാദം നൽകുന്നത് -സംബന്ധിച്ച്.

സൂചന:- കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 25.07.2018-ലെ എസ്.റ്റി.3419/2018 നമ്പർ കത്ത്.

കൊയിലാണ്ടി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & മെഡിക്കൽ അക്കാദമി ക്ലിപ്തം നമ്പർ ഡി.2706-ന്റെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിലേക്കായി കോഴിക്കോട് ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് ടി സംഘത്തിലെ 'ബി' ക്ലാസ്സ് ഓഹരി എടുക്കുന്നതിന് അനുവാദത്തിനായി സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടി സംഘത്തിന്റെ നിയമാവലി 5(2) പ്രകാരം മറ്റ് സഹകരണ സംഘങ്ങൾക്ക് ടി സംഘത്തിന്റെ ഓഹരി എടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്. സൂചന പ്രകാരം കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ടി സംഘത്തിന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ അപേക്ഷയുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കൊയിലാണ്ടി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & മെഡിക്കൽ അക്കാദമി ക്ലിപ്തം നമ്പർ ഡി.2706-ന്റെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിലേക്ക് വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും

ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ കോഴിക്കോട് ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണ സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കൊയിലാണ്ടി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & മെഡിക്കൽ അക്കാദമി ക്ലിപ്തം നമ്പർ ഡി.2706-ന്റെ 'ബി' ക്ലാസ്സ് ഓഹരി എടുക്കുന്നതിന് ഇതിനാൽ അനുവാദം നൽകി ഉത്തരവാകുന്നു.

ഒപ്പ്
ഡോ.ശ്രീമതി.പി.കെ.ജയശ്രീ,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
കൊയിലാണ്ടി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & മെഡിക്കൽ അക്കാദമി ക്ലിപ്തം നമ്പർ ഡി.2706,കൊയിലാണ്ടി,കോഴിക്കോട്-673305.

പകർപ്പ്:-1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കോഴിക്കോട്.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) കോഴിക്കോട്.
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി.ഇൻ ചാർജ്ജ്)